സ.ഉ.(സാധാ) നം.2301/2023/GEDN

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്- എറണാകുളം, സെന്റ് ആൽബർട്ട്സ് ഹൈസ്കൂളിലെ എൽ.ജി ഹിന്ദി അധ്യാപികയായ ശ്രീമതി. വി.എ ജോസഫൈൻ വിനാൻസിയയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് വരാപ്പുഴ അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ജനറൽ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2301/2023/GEDN തീയതി,തിരുവനന്തപുരം, 02-04-2023

---

പരാമർശം:-

1. വരാപ്പുഴ അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ജനറൽ മാനേജർ സമർപ്പിച്ച 27.07.2022 തീയതി വെച്ച റിവിഷൻ ഹർജി
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/02/2023 തീയതിയിലെ ഇസി3/14691/2022/ഡിജിഇ കത്ത് പ്രകാരമുള്ള റിപ്പോർട്ട്

**ഉത്തരവ്**

എറണാകുളം സെന്റ് ആൽബർട്ട്സ് ഹൈസ്കൂളിലെ എൽ.ജി ഹിന്ദി അധ്യാപികയായ ശ്രീമതി. വി.എ ജോസഫൈൻ വിനാൻസിയയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി മാനേജർ പരാമർശം 1 പ്രകാരമുള്ള റിവിഷൻ ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. എറണാകുളം സെന്റ് ആൽബർട്സ് ഹൈസ്കൂളിൽ 01.06.2018 മുതൽ എൽ.ജി ഹിന്ദി അദ്ധ്യാപികയായി സ്ഥാനക്കയറ്റം വഴി നിയമിതയായ ശ്രീമതി. ജോസഫൈൻ വിനാൻസിയ വി എ യുടെ നിയമനം അംഗീകരിച്ചു നൽകുവാൻ എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണമെന്നതാണ് അപേക്ഷയിലെ ആവശ്യം.

3. സർക്കാർ ഈ വിഷയം നിലവിലെ ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

4. വരാപ്പുഴ അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള എറണാകുളം സെന്റ് ആൽബർട്ട് ഹൈസ്കൂളിലെ എൽ.ജി (ഹിന്ദി) അദ്ധ്യാപികയായിരുന്ന ശ്രീമതി.ടി.എ റോസിലി 31-03-2018 ൽ വിരമിച്ചത് വഴിയുണ്ടായ ഒഴിവിൽ പാർട്ട് ടൈം എൽ.ജി (ഹിന്ദി) അദ്ധ്യാപികയായിരുന്ന ശ്രീമതി.ജോസഫൈൻ വിനാൻസിയെ ഫുൾടൈം എൽ.ജി (ഹിന്ദി) അദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി 01-06-2018 മുതൽ മാനേജർ നിയമിച്ചു. സീനിയർ നിയമനാർത്ഥികളായ ശ്രീമതി. ഷൈനി ജോസഫ്, ശ്രീമതി എം.ജെ.ജാൻസി എന്നിവരുടെ നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസറും അപ്പീൽ വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചു. ഇതേ കാരണത്താൽ തന്നെ റിവിഷൻ അപ്പീൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിരസിച്ചു.

5. മാനേജർ സമർപ്പിച്ചിട്ടുള്ള ചട്ടം 43 അവകാശികളുടെ ലിസ്റ്റിൽപ്പെട്ട സീനിയർ അവകാശികളുടെ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ല എന്ന തടസ്സവാദം നിലവിൽ ഒഴിവായിട്ടുണ്ടെന്നും 2018-19 ലെ തസ്തിക നിർണ്ണയ പ്രകാരം എറണാകുളം സെന്റ് ആൽബർട്ട് ഹൈസ്കൂളിൽ ഒരു എൽ.ജി (ഹിന്ദി) തസ്തിക അനുവദിച്ചിട്ടുണ്ടെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീമതി ജോസഫൈൻ വിനാൻസിയയുടെ 1-6-2018 മുതലുള്ള എൽജി (ഹിന്ദി) നിയമനം പരിഗണനാർഹമാണ്.

6. മേൽ സാഹചര്യത്തിൽ ശ്രീമതി ജോസഫൈൻ വിനാൻസിയയുടെ 1-6-2018 മുതലുള്ള എൽ.ജി (ഹിന്ദി) നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ അംഗീകാരം നൽകുവാനുള്ള നിർദ്ദേശം എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA.S.GEORGE

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

സ.ഉ.(സാധാ) നം.2301/2023/GEDN

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, എറണാകുളം.

ജനറൽ മാനേജർ, കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി, വരാപ്പുഴ അതിരൂപത, സെന്റ് ആൽബർട്ട്സ്.എച്ച്.എസ്.എസ്. ക്യാമ്പസ്, കൊച്ചി - 682018

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Mini.t.r.
സെക്ഷൻ ഓഫീസർ
Date: 03-04-2023 09:57:52